## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4486** **18.05.2017-ൽ മറുപടിയ്ക്ക്**

**<u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>**

| ചോദ്യം<br>ശ്രീ. യു. ആർ. പ്രദീപ് | | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ട് കൈകാര്യം ചെയ്യുന്ന ജില്ലാ ആഫീസുകളിൽ എത്ര താൽക്കാലിക ഒഴിവുകൾ നികത്തപ്പെടാനുണ്ട്; | (എ) | കാരുണ്യ ബനവലൻറ് ഫണ്ട് കൈകാര്യം ചെയ്യുന്ന ജില്ലാ ഭാഗ്യക്കുറി ആഫീസുകളിൽ 5 ലെയ്സൺ ഓഫീസർമാരുടെ താല്ക്കാലിക ഒഴിവുകൾ നികത്തപ്പെടാനുണ്ട്. |
| (ബി) | ഏതെല്ലാം ജില്ലാ ആഫീസുകളിലാണ് ഒഴിവുകൾ നികത്തപ്പെടാനുള്ളത്; | (ബി) | ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, വയനാട് എന്നീ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലാണ് ലെയ്സൺ ഓഫീസർമാരുടെ ഒഴിവുകൾ നികത്തപ്പെടാനുള്ളത്. |
| (സി) | ലഭിച്ച അപേക്ഷകളിൽ നടപടികൾ വേഗത്തിൽ സ്വീകരിക്കുന്നതിനായി അടിയന്തരമായി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | ചികിത്സാ സഹായത്തിനായി ലഭിച്ച അപേക്ഷകളിൽ നടപടികൾ വേഗത്തിൽ സ്വീകരിക്കുന്നതിനായി സോഫ്റ്റ്-വെയർ നവീകരണം ആരംഭിച്ചിട്ടുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ.**